**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 520 **30.06.2016**-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ബാബു** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ആണ്ടികൊളമ്പ് നായാടി കോളനിയുടെ വികസനത്തിനായി നടത്തുന്ന 'സ്വയംപര്യാപ്ത ഗ്രാമം പദ്ധതി'യുടെ പ്രവർത്തനം ഏത് ഘട്ടംവരെയായി;വിശദമാക്കുമോ; | (എ) | കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ആണ്ടികൊളമ്പ് നായാടി കോളനിയുടെ വികസന പ്രവർത്തനങ്ങൾ **48%** പൂർത്തീകരിച്ചു.<br><br>**<u>പൂർത്തീകരിച്ച പ്രവൃത്തികൾ</u>**<br>1. മണ്ണ് സംരക്ഷണ ഭിത്തി - 3 എണ്ണം<br>2. കോളനിക്കകത്തുള്ള കോൺക്രീറ്റ് റോഡ് - 8 എണ്ണം<br>3. പൊതുകിണർ നവീകരണം -1<br>4. കോളനിക്കകത്തുള്ള അഴുക്ക്ചാൽ നിർമ്മാണം -1<br>5. കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുഴൽക്കിണർ കുഴിച്ചു, പമ്പ് ഹൗസ് നിർമ്മിച്ചു<br>6. പോസ്റ്റ് മാറ്റൽ, കണക്ഷൻ നൽകൽ തുടങ്ങിയ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>7. കോളനിയുടെ വികസന പ്രവർത്തനങ്ങൾക്കായി 65 ലക്ഷം രൂപ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്ന ഏജൻസിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | 'സ്വയംപര്യാപ്ത ഗ്രാമം പദ്ധതി' മണ്ഡലത്തിലെ മുഴുവൻ കോളനികളിലും നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | 2008-ലെ കില നടത്തിയ സർവ്വേ റിപ്പോർട്ട് പ്രകാരം അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന 436 കോളനികളെ സംസ്ഥാനത്തുടനീളം കണ്ടെത്തിയിരുന്നു. ടി കോളനികളിൽ നിന്നും എം.എൽ.എ മാർ തെരഞ്ഞെടുക്കുന്ന കോളനികളിലാണ് പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ച് സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്.<br>മുഴുവൻ കോളനികളിലും പദ്ധതി നടപ്പാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ